# ജനനായകർക്ക് വിദേശചികിത്സ
# ജനത്തിന് ദുരിത ചികിത്സ

**ബ്ലെസൻ ഹ്യൂസ്റ്റൺ**: blessonhouston@gmail.com

**അ**സുഖം വന്നാൽ ചികിത്സിക്കുകയെന്നത് ഏതൊരു മനുഷ്യനും ചെയ്യുന്ന കാര്യമാണ്. കഠിനമായ അസുഖമാണെങ്കിൽ ഏറ്റവും മികച്ച ചികിത്സ നൽകാനാണ് ഏതൊരു വ്യക്തിയും ശ്രമിക്കുക. ദരിദ്രനായ ഒരു വ്യക്തിയാണെങ്കിൽ പോലും കിടപ്പാടം പോലും വിറ്റ് മികച്ച ആശുപത്രിയിൽ പോയി ചികിത്സ നേടാനാണ് ശ്രമിക്കുക. മികച്ച ചികിത്സ കിട്ടുന്നത് കേരളത്തിലാണെങ്കിൽ സ്വകാര്യ ആശുപത്രികളിലാണ്. അവിടെ തുമ്പിയെ കൊണ്ട് കല്ല് എടുപ്പിക്കുന്നതിനെക്കാൾ കഠിനമാണ് രോഗിയിൽ പരിശോധന നടത്തി ചികിത്സ നൽകുന്നത്. കരിമ്പിൽ നിന്ന് നീര് ഇറക്കുന്നതുപോലെയാണ് ലാബും ചികിത്സയും മറ്റുമായി ആശുപത്രി അധികൃതർ രോഗിയിൽ നിന്ന് പണം വാങ്ങുന്നത്. സർക്കാരാശുപത്രികളിലെ പരിമിതികളും പരിതാപകരമായ സൗകര്യങ്ങൾ ഉണ്ടായതു കാരണം സാധാരണക്കാരും പാവപ്പെട്ടവരും അധികവും ആവതില്ലെങ്കിലും സ്വകാര്യാശുപത്രിയെയാണ് ആശ്രയിക്കുന്നത്. എങ്ങനെയായാലും കിട്ടാവുന്നത്ര മികച്ച ചികിത്സ നേടാനാണ് എല്ലാവരും ശ്രമിക്കുന്നത് എന്നതാണ് പറഞ്ഞുവരുന്നത്.

മുഖ്യമന്ത്രി പിണറായി വിജയൻ വിദഗ്ധ ചികിത്സയ്ക്കായി അമേരിക്കയിലേക്ക് പോയതിനെ അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായങ്ങൾ വരുന്നതാണ് ആമുഖമായി ഇത് സൂചിപ്പിച്ചത്. അനുകൂലിച്ചവർ ആയുരാരോഗ്യം നേർന്നപ്പോൾ പ്രതികൂലിച്ചവർ ചില ചോദ്യങ്ങൾ തൊടുത്തുവിടുകയുണ്ടായി. മുഖ്യമന്ത്രി പിണറായി വിജയൻ മാത്രമല്ല കേരളത്തിലെയും ഇന്ത്യയിലേയും പല ഉന്നത നേതാക്കളും അമേരിക്കയിൽ ചികിത്സയ്ക്ക് വന്നിട്ടുണ്ട്. സോണിയാഗാന്ധിയും ഗോവാ മുഖ്യമന്ത്രി പരീഖാറും ഉൾപ്പെടെ രാഷ്ട്രീയഭേദമന്യേ നിരവധി പേരാണ് അമേരിക്കയിൽ ചികിത്സയ്ക്കായി വന്നത്. നമ്മുടെ സ്വന്തം ലീഡർ തന്നെ കാറപകടത്തെത്തുടർന്ന് വിദഗ്ദ്ധ ചികിത്സ നേടി ആരോഗ്യവാനായി പോയത് അമേരിക്കയിലെ ചികിത്സയെത്തുടർന്നാണ്. രാഷ്ട്രീയഭരണ ജനപ്രതിനിധികൾ മാത്രമല്ല മതനേതാക്കന്മാർ തുടങ്ങി വ്യവസായ സിനിമാനടന്മാർ വരെ അമേരിക്കൻ ചികിത്സയിൽ ആരോഗ്യം വീണ്ടെടുത്തവരാണ്.

എന്നാൽ അന്നൊന്നും ഇല്ലാത്ത തരത്തിൽ ഒരു വിമർശനമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. അതിന് പല കാരണങ്ങൾ വിമർശിക്കുന്നവർ പറയുന്നുണ്ട്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ വാഗ്ദത്തഭൂമി ചൈനയും റഷ്യയും കമ്മ്യൂണിസ്റ്റ് ക്യൂബയും മറ്റുമാണ്.

അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും സാമ്രാജ്യത്വ മുതലാളിത്ത മൂരാച്ചി രാഷ്ട്രീയമായാണ് അവർ എന്നും കരുതിയിരുന്നത്. സാത്താൻ ദൈവത്തെ കാണുന്നതുപോലെയാണ് അവർ തമ്മിലുള്ള അടുപ്പം എന്നു തന്നെ പറയാം. ഈ രാജ്യങ്ങളെക്കുറിച്ച് ഒക്കെ പറയുമ്പോൾ തന്നെ ഇഷ്ടമില്ലാത്തവർ പാവയ്ക്കാനീര് കുടിക്കുന്നതുപോലെയുള്ള മനോഭാവമാണ് അവരുടെ നേതാക്കന്മാർക്ക് ഉണ്ടാകുക. ഗൾഫ് രാജ്യങ്ങളോട് ഏതാനും നാളുകൾക്കു മുൻപ് വരെ അങ്ങനെയായിരുന്നെങ്കിലും ഉന്നത സഖാക്കളുടെ മക്കളും മറ്റും അവിടെ ജോലിയും വ്യവസായ സ്ഥാപനങ്ങളും തുടങ്ങിയതുമുതൽ അതിന് അല്പം മാറ്റം വന്നിട്ടുണ്ട്. മോഹൻലാലിന്റെ വരവേല്പ് എന്ന സിനിമയിൽ ട്രേഡ് യൂണിയൻ നേതാവായ മുരളി ഗൾഫ് രാജ്യത്തെക്കുറിച്ച് പറയുന്ന സംഭാഷണമുണ്ട്. ഗൾഫിലെ പണക്കൊഴുപ്പിന്റെ അഹങ്കാരവുമായി കേരളത്തിലെ തൊഴിലാളിവർഗ്ഗത്തോട്

ഏറ്റുമുട്ടാൻ വരരുതെന്ന്. ഉന്നതസഖാക്കന്മാരുടെ മക്കൾക്ക് ആ പണക്കൊഴുപ്പ് ഉണ്ടായതു മുതൽ അത് മാറ്റി ചിന്തിക്കാൻ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി തുടങ്ങി. എന്നാലും അമേരിക്കയോടുള്ള അവരുടെ മനോഭാവത്തിന് ഒട്ടും മാറ്റമില്ല. റഷ്യയും ചൈനയും വിട്ടിട്ട് ആ മൂരാച്ച് മൊതലാളിത്ത രാഷ്ട്രത്തിലേക്ക് ചികിത്സയ്ക്കായി പാർട്ടി നേതാക്കന്മാർ എത്തുമ്പോൾ ഇന്നലെവരെ ആ രാജ്യത്തെ എതിർത്തതിനെ ഇന്ന് എങ്ങനെ കാണുന്നു എന്നതാണ് വിമർശിക്കുന്നവരുടെ ചോദ്യം.

അത് ന്യായമായ ചോദ്യം. ദീർഘവീഷണത്തോടെയും രാഷ്ട്രീയത്തിനപ്പുറം രാജ്യത്തിന്റെ വളർച്ചയും നാടിന്റെ പുരോഗതിയും ജനങ്ങളുടെ നന്മയും മുൻനിർത്തി ആ രാജ്യത്തിന്റെ ഭരണകർത്താക്കൾ ആ രാജ്യത്തെ വളർത്തി വലുതാക്കിയതായിരുന്നോ നിങ്ങൾ കണ്ട തെറ്റ്. പ്രത്യയശാസ്ത്രത്തിന്റെ ആവേശം ജനത്തിന്റെ ഉള്ളിൽ തിരുകി കയറ്റിയവർ ഒരു വസ്തുത മറക്കരുത് അവരുടെയും ജീവന് വിലയുണ്ടെന്ന്. വികസനത്തിന്റെ വിരോധത്തിൽ ആ രാജ്യങ്ങളെ വിമർശിക്കുന്നവർ ഒരു വസ്തുത മറക്കരുതായിരുന്നു. അവരെക്കാൾ മെച്ചമായ സൗകര്യങ്ങളും സംവിധാനങ്ങളും നമുക്കെന്തുകൊണ്ട് ഉണ്ടാക്കിയെടുത്തില്ല. അങ്ങനെ സൗകര്യങ്ങളും സംവിധാനങ്ങളും നമുക്കുണ്ടായിരുന്നെങ്കിൽ ഇന്ന് നമുക്ക് അവരെ ആശ്രയിക്കേണ്ടി വരേണ്ടിയിരുന്നില്ല. അങ്ങനെയൊരു സംവിധാനമുണ്ടായിരുന്നെങ്കിൽ അത് ജനത്തിനും പ്രയോജനപ്പെട്ടേനേം. എന്നാൽ ഇവിടെ നേരെ മറിച്ചാണ് സംഭവിക്കുന്നത്. വിമർശനം ഒരു വഴിയ്ക്കും പ്രവർത്തനം മറുവഴിയ്ക്കും. അത് കേട്ട് കയറെടുക്കാൻ പോകുന്ന പ്രവർത്തകർക്ക് ആ വിമർശനത്തിന്റെ ആവേശത്തിൽ ഊറ്റം കൊള്ളാനേ കഴിയൂ. അവന് മാരകരോഗം പിടിപെട്ടാൽ കേരളത്തിലെ പരിതാപകരവും പരിമിതികളുമുള്ള സർക്കാർ ആശുപത്രികൾ തന്നെ ശരണം. കോരന് കഞ്ഞി എന്നും കുമ്പിളിൽ തന്നെ എന്ന് എടുത്തുപറയേണ്ടതില്ല.

മുഖ്യമന്ത്രി വിദേശ ചികിത്സ നടത്തിയതിനെ അല്ല ആരും വിമർശിക്കുന്നത്. ഒരുകാലത്ത് പ്രത്യയശാസ്ത്രത്തെയും കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെയും മുറുകെ പിടിച്ചു കൊണ്ട് കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കൾ എന്ന് ജനങ്ങളുടെ ഇടയിൽ എന്ന് ജനങ്ങളുടെ ഇടയിൽ പറഞ്ഞുവോ അതിന് വിപരീതമായ പ്രവർത്തി ചെയ്തതിനെയാണ് പലരും വിമർശിക്കുന്നത്. ലോക പോലീസ് ചമയുന്ന അമേരിക്ക ലോകരാഷ്ട്രങ്ങളുടെ മേൽ അധികാരം അടിച്ചേൽപ്പിക്കുന്നു. ചൈനയുടെ മുഖ്യ എതിരാളിയായ അമേരിക്ക ആ രാജ്യത്തെ തകർക്കാൻ ശ്രമിക്കുന്നു. തുടങ്ങിയ നിരവധി ആരോപണങ്ങളായിരുന്നു കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കൾ പരസ്യമായും പാർട്ടിയോഗങ്ങളിലും പറഞ്ഞിരുന്നത്. അതേപടി വിശ്വസിച്ച് പാർട്ടിപ്രവർത്തകർ അമേരിക്കയെ കണ്ടത് അല്ലെങ്കിൽ വികസിത രാജ്യങ്ങളെ കണ്ടത് മുതലാളിത്വ ബൂർഷ്വാ രാജ്യങ്ങളായിട്ടായിരുന്നു. ഒരു തരം വെറുപ്പും പുച്ഛഭാവവുമായ രീതിയിലായിരുന്നു ആ രാജ്യത്തെയും ജനങ്ങളെയും കണ്ടിരുന്നത്. അവിടെയുള്ള മലയാളികൾ നാട്ടിലെത്തിയാലും ഈ മനോഭാവത്തോടെയായിരുന്നു എന്നു തന്നെ പറയാം. അങ്ങനെയുള്ള പാർട്ടി പ്രവർത്തകന് എന്തെങ്കിലും മാരകരോഗം പിടിപെട്ട് വിദഗ്ദ്ധ ചികിത്സയ്ക്കായ് അമേരിക്കയിൽ വിടാമെന്ന് പറഞ്ഞാൽ പോലും ആ പുച്ഛത്തിലും വാശിയിലും അവൻ പോകില്ല. അങ്ങനെ അവരുടെ ഉള്ളിൽ ആ രാജ്യങ്ങളോട് വിദ്വേഷത്തിന്റെ വിത്ത് വിതച്ചവർ അത് മറന്ന് അവിടെ പോകുമ്പോൾ അതിനെയാണ് ചിലർ വിമർശിക്കുന്നത് എന്നാണ് പറയപ്പെടുന്നത്.

വാക്കുകൾ കൊണ്ട് വിപ്ലവം സൃഷ്ടിക്കുകയും പ്രവർത്തകരെ ആവേശം കൊള്ളിക്കുകയും ചെയ്യുന്നവർ സ്വന്തം കാര്യത്തിൽ ഈ വിപ്ലവവും വാശിയും കടുംപിടുത്തവും മറന്നുള്ള പ്രവർത്തനത്തെയാണ് വിമർശിക്കുന്നത്. സർക്കാരാശുപത്രിയിലെ നാമമാത്രമായ തുകയ്ക്കുള്ള ചീട്ട് പോലു

മെടുക്കാൻ പോലും ദരിദ്രരുണ്ട് നമ്മുടെ നാട്ടിൽ. സ്വകാര്യാശുപത്രിയിലെ കഴുത്തറപ്പൻ ബില്ലിനെ ഭയന്ന് അവിടെ പോകാതെ ജീവൻ ഹോമിക്കപ്പെട്ടവരുടെ നാടാണ് നമ്മുടെ നാട്. അങ്ങനെയുള്ള നാട്ടിലാണ് അവരുടെ ജനപ്രതിനിധികളും ഭരണകർത്താക്കളും അവരുടെ നികുതിപ്പണം കൊണ്ട് വിദേശചികിത്സ നടത്തി ജീവൻ തിരിച്ചുപിടിയ്ക്കാൻ വെമ്പൽ കൊള്ളുന്നത്. സാധാരണക്കാരന്റെ ജീവനും വിലയുണ്ടെന്ന ചിന്ത ഇവർക്കുണ്ടാകണം. വിദേശചികിത്സയെ വെല്ലുന്ന ചികിത്സാ സൗകര്യങ്ങൾ ഒന്നും ഒരുക്കിയില്ലെങ്കിലും സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും ആശ്രയമായ സർക്കാരാശുപത്രികളിലെ പരിതാപകരമായ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയണം. അതിന് പരിഹാരം കാണണമെങ്കിൽ ഭരണകർത്താക്കളും ജനപ്രതിനിധികളും ഒരിക്കലെങ്കിലും അവിടുത്തെ അവസ്ഥ കണ്ടിരിക്കണം. അതിന് അവിടെ പോയെങ്കിലെ അത് മനസ്സിലാക്കാൻ കഴിയൂ. അവിടെ രോഗിയായി ജനറൽ വാർഡ് എന്ന സ്വർഗ്ഗതുല്യമായിടത്തെ കിടന്നെങ്കിലെ അവിടുത്തെ സുഖം അനുഭവിയ്ക്കാൻ കഴിയൂ.

കേരളത്തിലെ ഏതെങ്കിലുമൊരു മന്ത്രിയോ, എം.പിയോ, എം.എൽ.എയോ സർക്കാരാശുപത്രിയിൽ ചികിത്സയ്ക്കായി ജനറൽവാർഡിൽ കിടന്നിട്ടുണ്ടോ. അവിടെയും അവർക്ക് വി.ഐ.പി. മുറിയാണ് മാറ്റി വച്ചിരിക്കുന്നത്. ശീതീകരിച്ച മുറിയിൽ സുഖചികിത്സ കിട്ടി അവർ സസുഖം വാഴുമ്പോൾ അവനെ തെരെഞ്ഞെടുത്തു വിട്ട ജനം ജനറൽ വാർഡിലെ അരാജകത്വത്തിലിരുന്ന് ഡോക്ടർമാരുടെയും മറ്റ് ആശുപത്രി ഉദ്യോഗസ്ഥരുടെയും അവഗണനയിൽ കഴിയുകയായിരിക്കും. അതാണ് സാധാരണക്കാരായ ജനത്തിന് വിധിക്കപ്പെട്ടത്. അതിന് മാറ്റം വരാൻ കഴിയുന്ന ഒരു ഭരണാധികാരിക്ക് ആ നാട്ടിൽ തന്നെ മെച്ചപ്പെട്ട ചികിത്സയൊരുക്കാൻ കഴിയും. അങ്ങനെ മെച്ചപ്പെട്ട ചികിത്സയുണ്ടെങ്കിൽ പിന്നെ വിദേശത്തെന്തിന് പോകണം. ആ പണം സർക്കാർ ഖജനാവിൽ തന്നെ കിടക്കുകയും ചെയ്യും. ആരോപണമില്ലാതെ ചികിത്സയും കിട്ടും. കോരന് എന്നും കഞ്ഞി കുമ്പിളിൽ തന്നെയെന്നതാണ് സത്യം.

************